"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - മൗണ്ടഡ് പോലീസ് യൂണിറ്റിലെ കുതിരകൾക്ക് ഭക്ഷണവും, അനുബന്ധസാമഗ്രികളും വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1117/2025/HOME  തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 27.02.2025, 15.03.2025 തീയതികളിലെ എച്ച്2-38680/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പോലീസ് വകുപ്പിലെ മൗണ്ടഡ് പോലീസ് യൂണിറ്റിലെ കുതിരകൾക്ക് 01.04.2025 മുതൽ 31.03.2026 വരെയുള്ള ഭക്ഷണവും, അനുബന്ധസാമഗ്രികളും ഇ-ടെണ്ടർ മുഖേന 2055-00-109-99-77 Animal feed എന്ന ശീർഷകത്തിൽ നിന്നും 21,50,000/- രൂപ ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, പോലീസ് വകുപ്പിലെ മൗണ്ടഡ് പോലീസ് യൂണിറ്റിലെ കുതിരകൾക്ക് 01.04.2025 മുതൽ 31.03.2026 വരെയുള്ള ഭക്ഷണവും, അനുബന്ധസാമഗ്രികളും ഇ-ടെണ്ടർ മുഖേന 2055-00-109-99-77 Animal feed എന്ന ശീർഷകത്തിൽ നിന്നും 21,50,000/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പ്രതിമാസം ലഭിക്കുന്ന ബില്ലുകൾക്ക് അനുസൃതമായി കുതിരകൾക്ക് ഭക്ഷണം വാങ്ങുന്നതിനുള്ള ബിൽ പേയ്മെന്റ് നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (21.03.2025 ലെ വ്യയം എ3/608/2023-ധന (ഇ-2643432) പ്രകാരം)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
സെക്ഷൻ ഓഫീസർ
Date: 01-04-2025 13:07:55